# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ഒക്ടോബർ 5**

**October 5**

**2018**

***1193 കന്നി 19 വെള്ളി***

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

## ആശങ്കവേണ്ട, മുൻകരുതൽ നടപടിയെന്ന് ജില്ലാ കളക്ടർ മൂന്നു ഡാമുകളുടെ ഷട്ടറുകൾ ഇന്ന് (5) തുറക്കും

കനത്തമഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് കക്കി ആനത്തോട് ഡാമിന്റെ നാലു ഷട്ടറുകളും പമ്പാ ഡാമിന്റെ ആറു ഷട്ടറുകളും മൂഴിയാർ ഡാമിന്റെ ഷട്ടറുകളും ഇന്ന് (5) ഉച്ചയ്ക്ക് ഒന്നുമുതൽ തുറക്കും. കക്കി ആനത്തോടിന്റെയും പമ്പാ ഡാമിന്റെയും ഷട്ടറുകൾ 30 സെന്റീ മീറ്റർ ആയിരിക്കും തുറക്കുക.

ഇതുമൂലം പമ്പാ നദിയിൽ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ പമ്പാ നദിയുടെ തീരങ്ങളിൽ താമസിക്കുന്നവരും പമ്പാ ത്രിവേണിയിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരും ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. ആശങ്കപ്പെടേണ്ട സ്ഥിതിയില്ലെന്നും മുൻ കരുതൽ എന്ന നിലയിലാണ് ഡാമുകൾ തുറക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

മൂഴിയാർ ഡാം തുറക്കുന്നതു മൂലം മൂഴിയാർ, ആങ്ങമൂഴി, സീതത്തോട് തുടങ്ങിയ സ്ഥലങ്ങളിൽ കൂടി ഒഴുകുന്ന കക്കാട്ടാറിലെ ജല നിരപ്പ് ഉയരാൻ ഇടയുണ്ട്. ഷട്ടറുകൾ ഉയർത്തുമ്പോൾ കക്കി ആനത്തോട് ഡാമിൽ നിന്ന് ഏകദേശം 150 ഉം പമ്പാ ഡാമിൽ നിന്ന് 100 ഉം മൂഴിയാർ ഡാമിൽ നിന്ന് 10 മുതൽ 50 ക്യുമെക്സ് ജലവുമായിരിക്കും പുറത്തേക്ക് ഒഴുക്കുകയെന്ന് കെഎസ്ഇബി അറിയിച്ചു. (പിഎൻപി 3242/18)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ഒക്ടോബർ 5**

**October 5**

**2018**

***1193 കന്നി 19 വെള്ളി***

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


## വീട്ടിൽ വെള്ളം കയറിയ നാലു കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു

കലഞ്ഞൂർ വലിയതോട് കരകവിഞ്ഞ് ഒഴുകിയതിനെ തുടർന്ന് വീട്ടിൽ വെള്ളം കയറിയ കുറ്റുമണ്ണിലെ നാലു കുടുംബങ്ങളെ കലഞ്ഞൂർ ഗവ.എൽപി സ്കൂളിലെ ക്യാമ്പിലേക്ക് മാറ്റി. വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ റവന്യു ഉദ്യോഗസ്ഥരാണ് വ്യാഴാഴ്ച രാത്രി ഏഴോടെ ഇവരെ മാറ്റി പാർപ്പിച്ചത്. ഇവർക്ക് ആവശ്യമായ ആഹാരം, പായ, ഷീറ്റ് എന്നിവ ക്യാമ്പിൽ ലഭ്യമാക്കി. വെള്ളം ഇറങ്ങിയതിനെ തുടർന്ന് നാലു കുടുംബങ്ങളിലെ 16 പേരും ഇന്നു(5) രാവിലെ വീടുകളിലേക്കു മടങ്ങി. (പിഎൻപി 3243/18)

## ദേശീയ ദുരന്തനിവാരണ സേനയുടെ 25 അംഗ സംഘം ഇന്നു(5) പത്തനംതിട്ടയിൽ എത്തും

കനത്ത മഴയ്ക്കും പ്രകൃതി ക്ഷോഭത്തിനുമുള്ള സാധ്യത കണക്കിലെടുത്ത് മുൻകരുതൽ എന്ന നിലയിൽ ദേശീയ ദുരന്തനിവാരണ സേനയുടെ 25 അംഗ സംഘം ഇന്ന് (5) പത്തനംതിട്ടയിൽ എത്തുമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. ഒരു സിഐ, രണ്ട് എസ്ഐ, 23 രക്ഷാപ്രവർത്തകർ എന്നിവർ ഉൾപ്പെടുന്നതാണ് സംഘം. തമിഴ്നാട്ടിലെ ആർക്കോണത്തു നിന്നാണ് സംഘം വരുന്നത്. വെള്ളപ്പൊക്കമോ, ഉരുൾപൊട്ടലോ ഉണ്ടായാൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് പ്രത്യേക പരിശീലനം ലഭിച്ചവരാണ് സംഘത്തിലുള്ളത്. മൂന്ന് മെക്കനൈസ്ഡ് റബറൈസ്ഡ് ബോട്ട്, സ്കൂബ ഡൈവിംഗ് സെറ്റ്, ഡീപ് ഡൈവേഴ്സ് എക്വിപ്മെന്റ്, നൈറ്റ് ഓപ്പറേഷൻ എക്വിപ്മെന്റ്, ലാൻഡ്സ്ലൈഡ് സെർച്ച് എക്വിപ്മെന്റ്, കട്ടിംഗ് എക്വിപ്മെന്റ്, പാരാമെഡിക്കൽ യൂണിറ്റ്

എന്നിവ അടങ്ങുന്നതാണ് സംഘം. മെക്കനൈസ്ഡ് റബറൈസ്ഡ് ബോട്ടുകൾ 10 എണ്ണം തൃശൂരിൽ റിസർവായി സൂക്ഷിച്ചിട്ടുണ്ട്. അടിയന്തരസാഹചര്യമുണ്ടായാൽ ഇവ പത്തനംതിട്ടയിലേക്ക് എത്തിക്കും. ആവശ്യാനുസരണം ജില്ലാ കളക്ടറായിരിക്കും സംഘത്തെ ജില്ലയിലെ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുക. (പിഎൻപി 3244/18)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ഒക്ടോബർ 5** **October 5** | **2018** |

***1193 കന്നി 19 വെള്ളി***

# പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പ്രളയത്തിൽ നഷ്ടമായത് തിരികെപിടിക്കാൻ ഒരുമയോടെ പ്രവർത്തിക്കണം: മന്ത്രി മാത്യു ടി. തോമസ്**

പ്രളയകാലത്ത് വിഭാഗീയതകൾ മറന്ന് ഒറ്റക്കെട്ടായി പ്രവർത്തിച്ചതുപോലെ പ്രളയത്തിൽ നഷ്ട മായതെല്ലാം തിരികെപിടിക്കുന്നതിലും ഒരുമയോടെ പ്രവർത്തിക്കണമെന്ന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി. തോമസ് പറഞ്ഞു. പുറമറ്റം ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിച്ച് സംസാരിക്കുകയായി രുന്നു മന്ത്രി. ജാതിമത രാഷ്ട്രീയ ചിന്തകൾക്ക് അതീതമായി എല്ലാവരും എത്തിച്ചേരുന്ന പൊ തുസ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് സർക്കാർ ലക്ഷ്യം. കൂടുതൽ കുട്ടികൾ പൊതുവിദ്യാലയങ്ങളിലേയ്ക്ക് എത്തണമെങ്കിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കണം. പൊ തുപ്രവർത്തകരും അധ്യാപകരും ഉൾപ്പെടെയുള്ളവർ തങ്ങളുടെ കുട്ടികളെ പൊതുവിദ്യാ ഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്നതിൽ മുന്നിട്ടിറങ്ങി സമൂഹത്തിന് മാതൃകയാകണം. സർ ക്കാർ സ്കൂളുകളും എയ്ഡഡ് സ്കൂളുകളും ഒരുപോലെ മെച്ചപ്പെടുത്തണമെന്നാണ് സർ ക്കാർ നയം. അടുത്ത വർഷം മധ്യവേനൽ അവധിക്ക് കുട്ടികൾ പോകുമ്പോൾ തന്നെ തുടർവർഷത്തെ പുസ്തങ്ങൾ കുട്ടികൾക്ക് നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പഴയ കേരളത്തെ പുനർനിർമിക്കുകയല്ല പുതിയ കേരളത്തെ നിർമിച്ചെടുക്കുകയാണ് സർക്കാരി ന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. നബാർഡ് ഫണ്ടിൽ നിന്നും അനുവദിച്ച 98.40 ലക്ഷം രൂപ ഉപയോഗിച്ച് നിർമിക്കുന്നതാണ് പുതിയ കെട്ടിടം. ഓഫീസ് മുറി ഉൾപ്പെടെ അഞ്ച് മുറികളു ള്ള കെട്ടിടമാണ് ആദ്യഘട്ടത്തിൽ നിർമിക്കുക. മൂന്ന് നില കെട്ടിടമാണ് സ്കൂളിന്റെ സുഗമമാ

യ പ്രവർത്തനത്തിന് ആവശ്യം. തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായവും ഉറപ്പ് നൽകിയാണ് മന്ത്രി മടങ്ങിയത്. വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിന്റെ അഞ്ച് ക്ലാസ് മുറികളിൽ രണ്ടെണ്ണം കഴിഞ്ഞ വർഷം മെയ് 30ന് തകർന്നിരുന്നു. ശോചനീയമായ മൂന്ന് മുറികളും നീക്കം ചെയ്ത് ഇതേ സ്ഥലത്താണ് പുതിയ കെട്ടിടം നിർമിക്കുന്നത്. പുറമറ്റം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റെനി സനൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമല മാത്യൂസ്, പുറമറ്റം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് രാജു പുളിമൂട്ടിൽ, പത്തനംതിട്ട ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ എസ്. സുധ, സ്കൂൾ പ്രിൻസിപ്പൽ മുഹമ്മദ് സുധീർ, ഹെഡ്മിസ്ട്രസ് ലാലി എസ്.ഖാൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജിജി മാത്യു, ഗ്രാമപഞ്ചായത്തംഗങ്ങളായ അജിത്ത് പ്രസാദ്, ജോളി ജോൺ, ഈപ്പൻ പോൾ, ശോശാമ്മ ജോസഫ്, ആശാ ജയപാലൻ, സിപിഎം ലോക്കൽ കമ്മിറ്റി സെക്രട്ടറി ഷിജു പി. കുരുവിള, കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ബോബൻ ജോൺ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3245/18)

## ജനപിന്തുണ നേടി സാക്ഷരതമിഷൻ സ്ഥിതിവിവര പഠനം

പ്രളയാനന്തരം സംസ്ഥാനത്തിന്റെ മനസ് പഠിക്കുന്നതിനായി സംസ്ഥാന സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ നടത്തിയ സർവ്വേയ്ക്ക് വൻ ജനകീയപിന്തുണ. ഗാന്ധിജയന്തി ദിനത്തിലാണ് തുല്യതാപഠിതാക്കളുടെ നേതൃത്വത്തിലാണ് ഓരോ ജില്ലയിലും സാക്ഷരാതമിഷൻ ഏകദിനസർവ്വേ നടത്തിയത്. പ്രളയത്തെക്കുറിച്ചും പ്രകൃതിദുരന്തരങ്ങളെക്കുറിച്ചുമുള്ള ചോദ്യങ്ങൾ മാത്രം ഉൾപ്പെടുത്തിയായിരുന്നു സർവ്വേ നടത്തിയത്. പ്രളയാനന്തര കേരളം എങ്ങനെ ചിന്തിക്കുന്നു എന്ന ചോദ്യത്തിന് വിശാല മനസോടെയാണ് ഓരോ പ്രളയബാധിതരും ഉത്തരം നൽകിയത്. പ്രകൃതിദുരന്തങ്ങളെ സംബന്ധിച്ച് മുന്നറിയിപ്പുകൾ ലഭ്യമാക്കണമെന്നതായിരുന്നു പൊതു അഭിപ്രായം. കൂടാതെ ദുരന്തമുൻകരുതലുകളെ സംബന്ധിച്ചും കൂടുതൽ വ്യക്തത ലഭിക്കണമെന്ന നിർദ്ദേശമാണ് സർവ്വേയിലൂടെ ലഭിച്ചത്. ജില്ലയിലെ പത്താംതരം, ഹയർസെക്കണ്ടറി തലങ്ങളിലെ 1350 തുല്യതാപഠിതാക്കളാണ് സർവ്വേയ്ക്ക് നേതൃത്വം നൽകിയത്. 7000 വീടുകളിലായാണ് സർവ്വേ നടത്തിയത്. പ്രളയാനന്തരം കേരളം എന്ത് ചിന്തിക്കുന്നു എന്ന് കണ്ടെത്തുന്നതിനായാണ് സംസ്ഥാനവ്യാപകമായി സർവ്വേ സംഘടിപ്പിച്ചത്. സർവ്വേയിൽ ജനപ്രതിനിധികൾ, അധ്യാപർ, മുൻകാല സാക്ഷരാതമിഷൻ പ്രവർത്തകർ, സാക്ഷരതാമിഷൻ പ്രേരകുമാർ, സാംസ്കാരിക-സന്നദ്ധപ്രവർത്തകർ എന്നിവർ പങ്കാളികളായി. സർവ്വേയിൽ നിന്നും ലഭിച്ച വിവരങ്ങളുടെ ജില്ലാതല ക്രോഡീകരണം ഈ മാസം 8ന് പൂർത്തീയാക്കുമെന്ന് സാക്ഷരതാമിഷൻ ജില്ലാ കോർഡിനേറ്റർ ഡോ. വി.വി. മാത്യു അറിയിച്ചു. 13ന് എല്ലാ ജില്ലകളിലെയും റിപ്പോർട്ടുകൾ ഉൾപ്പെടുത്തി സമഗ്രസ്ഥിതിവിവര പഠനറിപ്പോർട്ട് സംസ്ഥാന സാക്ഷരതാമിഷൻ പ്രകാശനം ചെയ്യും. (പിഎൻപി 3246/18)

## കാരുണ്യഗ്രാമം പദ്ധതി : ഉദ്ഘാടനം ഇന്ന് (6)

രോഗികൾക്ക് ആശ്വാസമേകുന്നതിനുവേണ്ടി ഏഴംകുളം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന കാരുണ്യഗ്രാമം സൗജന്യ മരുന്ന് വിതരണപദ്ധതിയുടെ ഉദ്ഘാടനം ഇന്ന് രാവിലെ 11ന് ഏഴംകുളം എംസൺ ആഡിറ്റോറിയത്തിൽ ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യും.

ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജു രാധാകൃഷ്ണൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ചിറ്റയം ഗോപകുമാർ എംഎൽഎ ഹെൽത്ത് കാർഡ് വിതരണം ഉദ്ഘാടനം ചെയ്യും. ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് സരസ്വതി ഗോപി, ജില്ലാ പഞ്ചായത്തംഗങ്ങളായ ആർ.ബി.രാജീവ് കുമാർ, ബി.സതികുമാരി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനപ്രഭ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ ചന്ദ്രമതി, രമജോഗീന്ദർ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ രാധാമണി ഹരികുമാർ, മോഹനൻനായർ, ശോഭന, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരും മാരകരോഗങ്ങൾ മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികളെ സഹായിക്കുന്നതിനു വേണ്ടി പഞ്ചായത്ത് ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന നൂതനപദ്ധതിയാണ് കാരുണ്യഗ്രാമം. മാരകരോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, വൃക്കസംബന്ധമായ രോഗം, കരൾ സംബന്ധമായ രോഗം, ന്യൂറോ സംബന്ധമായ രോഗം, തൈറോയിഡ് എന്നീ രോഗങ്ങളുള്ള എണ്ണൂറിലധികം രോഗികളാണ് പഞ്ചായത്തിലുള്ളത്. ഇവർക്ക് പലപ്പോഴും തുടർ ചികിത്സ ചിലവേറിയതായി മാറിയിരിക്കുകയാണ്. രോഗികൾ ഉപയോഗിച്ച് വരുന്ന മരുന്നുകൾ എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ ഭാഗമായി നൽകും. പേര് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ രോഗികൾക്കും ഹെൽത്ത്കാർഡ് നൽകും. മരുന്നുകൾ രോഗികൾക്ക് കൈതപ്പറമ്പിലുള്ള ഗ്രാമപഞ്ചായത്ത് പ്രാഥമികാരോഗ്യകേന്ദ്രം വഴിയാണ് സൗജന്യമായി നൽകുന്നത്. ഇതിനോടകം 856 രോഗികളാണ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. രോഗികൾക്ക് തുടർ ചികിത്സയുടെ ഭാഗമായി സൗജന്യമായി മരുന്ന് വാങ്ങി നൽകുന്നതിന് 30.50 ലക്ഷം രൂപയാണ് ഗ്രാമപഞ്ചായത്ത് വകയിരുത്തിയിട്ടുള്ളത്. സർക്കാർ സ്ഥാപനമായ കെ.എം.സി.എസ്.എൽ വഴിയാണ് മരുന്ന് വാങ്ങി വിതരണം ചെയ്യുന്നത്.

(പിഎൻപി 3247/18)

## ഗാന്ധിജയന്തി വാരാഘോഷം: മെഡിക്കൽ ക്യാമ്പ് നടത്തി

ഗാന്ധിജയന്തി വാരാഘോഷത്തിന്റെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസിന്റെയും വല്ലന സാമൂഹ്യരോഗ്യ കേന്ദ്രത്തിന്റേയും ആഭിമുഖ്യത്തിൽ എഴിക്കാട് കമ്മ്യൂണിറ്റി ഹാളിൽ മെഡിക്കൽ ക്യാമ്പും ആരോഗ്യ ബോധവത്ക്കരണവും നടത്തി. ജീവിതശൈലീരോഗങ്ങളായ പ്രമേഹം, രക്തസമ്മർദം എന്നിവയ്ക്കുള്ള പരിശോധനയും ക്യാമ്പിന്റെ ഭാഗമായി നടന്നു. എഴിക്കാട് പ്രദേശത്തുള്ള 103 പേർ ക്യാമ്പിൽ പരിശോധനയ്ക്ക് വിധേയരായി. മെഡിക്കൽ സൂപ്പർവൈസർ ടി.കെ.ശ്രീകുമാർ, ഡോ.ഈശ്വരി, ലക്ഷ്മി, പുഷ്പകുമാരി തുടങ്ങിയവർ ക്യാമ്പ് നയിച്ചു.

(പിഎൻപി 3248/18)

## നവാഗത വോട്ടർമാരുമായി സംവാദം ഇന്ന് (6)

അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പരമാവധി നവാഗത വോട്ടർമാരെ വോട്ടർപട്ടികയിൽ ചേർക്കുന്നതിന് പ്രചോദനം നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ നവാഗത വോട്ടർമാർക്കായി വോട്ടവകാശവും പൗരധർമവും എന്ന വിഷയത്തിൽ ഇന്ന് രാവിലെ 11ന് പത്തനംതിട്ട പ്രസ്ക്ലബ് ഹാളിൽ നവാഗത വോട്ടർമാരുമായി സംവാദം നടത്തുന്നു. വീണാജോർജ് എംഎൽഎ സംവാദം ഉദ്ഘാടനം ചെയ്യും. കോളജ് യൂണിയൻ ഭാരവാഹികൾ, വിദ്യാർഥികൾ, യൂത്ത്ക്ലബ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 3249/18)

## സർട്ടിഫിക്കറ്റ് വിതരണം

കുമ്പഴ ഹരിതശ്രീ ഫാർമേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ പ്രധാനമന്ത്രി കൗശൽ വികാസ് യോജനയുടെ കൃഷിവിഭാഗം നടത്തിയ പഠന ക്ലാസിൽ പങ്കെടുത്തു വിജയിച്ച അംഗങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ഈ മാസം 10ന് ഉച്ചയ്ക്ക് ശേഷം മൂന്നിന് കുമ്പഴ സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടക്കും. വീണാജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്യും. നഗരസഭാചെയർപേഴ്സൺ അഡ്വ.ഗീതാ സുരേഷ്, വാർഡ് കൗൺസിലർ കെ.ആർ.അരവിന്ദാക്ഷൻ നായർ, ഫാർമേഴ്സ് ക്ലബ് പ്രസിഡന്റ് ചന്ദ്രനാഥൻ നായർ, ലീഡ്ബാങ്ക് മാനേജർ വി.വിജയകുമാരൻ, നബാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ രഘുനാഥൻ നായർ, മൈലപ്ര എസ്ബിഐ മാനേജർ റ്റി.ആർ.രജനി, ഫെഡറൽ ബാങ്ക് മാനേജർ ജോക്കു പി.ജോസഫ്, കെ.അജിത്കുമാർ, ഐ.തോമസ്കുട്ടി, പി.ജെ.ഗോപി, എൻ.കെ.സോമസുന്ദ

രൻ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 3250/18)

## 25 അംഗ എൻഡിആർഎഫ് ടീം പത്തനംതിട്ടയിലെത്തി

കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം പുറപ്പെടുവിച്ചിട്ടുള്ള മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ അടിയന്തര സാഹചര്യങ്ങളുണ്ടായാൽ നേരിടുന്നതിന് 25 അംഗ എൻഡിആർഎഫ് ടീം പത്തനംതിട്ടയിലെത്തി. ഇന്നലെ ഉച്ചയ്ക്ക് 2.30ന് കളക്ടറേറ്റിലെത്തിയ സംഘം ജില്ലാ കളക്ടർക്ക് മുമ്പാകെ റിപ്പോർട്ട് ചെയ്തു. രക്ഷാപ്രവർത്തനങ്ങൾ നടത്തേണ്ട സാഹചര്യമുണ്ടായാൽ അതിനാവശ്യമായ സന്നാഹങ്ങളുമായിട്ടാണ് സംഘം എത്തിയിട്ടുള്ളത്. തമിഴ്നാട്ടിലെ ആരക്കോണത്തുനിന്നും എത്തിയിട്ടുള്ള സംഘത്തിന്റെ ടീം കമാണ്ടർ ഇൻസ്പെക്ടർ പി.കെ. പയസിയാണ്. അസിസ്റ്റന്റ് ഇൻസ്പെക്ടർ എൻ.എം.കോണ്ടില്ല, ലെയ്സൺ ഓഫീസർ ശശികുമാർ എന്നിവർക്കാണ് സംഘത്തിന്റെ ഏകോപന ചുമതല. പത്തനംതിട്ട കിഴക്കേടത്ത് മറിയം കോംപ്ലക്സിലാണ് സംഘാംഗങ്ങളെ താമസിപ്പിക്കുന്നത്. അടിയന്തര സാഹചര്യമുണ്ടായാൽ ജില്ലയിലെ ഏതുഭാഗത്തേക്കും സംഘത്തെ എത്തിക്കുന്നതിനുള്ള എല്ലാ മുന്നൊരുക്കങ്ങളും തയാറായിട്ടുണ്ട്.

കനത്തമഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് കക്കി ആനത്തോട് ഡാമിന്റെ നാലു ഷട്ടറുകളും പമ്പാ ഡാമിന്റെ ആറു ഷട്ടറുകളും മൂഴിയാർ ഡാമിന്റെ ഷട്ടറുകളും ഇന്നലെ ഉച്ചയ്ക്ക് ഒന്നുമുതൽ തുറന്നിരുന്നു. ഇതുമൂലം പമ്പാ നദിയിൽ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ പമ്പാ നദിയുടെ തീരങ്ങളിൽ താമസിക്കുന്നവരും പമ്പാ ത്രിവേണിയിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരും ജാഗ്രത പുലർത്തണമെന്ന് നിർദേശം നൽകിയിരുന്നു. ആശങ്കപ്പെടേണ്ട സ്ഥിതിയില്ലെങ്കിലും മുൻ കരുതൽ എന്ന നിലയിലാണ് ഡാമുകൾ തുറക്കുകയും ആവശ്യമായ രക്ഷാസംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുന്നതെന്ന് ജില്ലാ കളക്ടർ അറിയിച്ചിരുന്നു. മൂഴിയാർ ഡാം തുറക്കുന്നതു മൂലം മൂഴിയാർ, ആങ്ങമൂഴി, സീതത്തോട് തുടങ്ങിയ സ്ഥലങ്ങളിൽ കൂടി ഒഴുകുന്ന കക്കാട്ടാറിലെ ജല നിരപ്പ് ഉയരാൻ ഇടയുണ്ട്. ഷട്ടറുകൾ ഉയർത്തുമ്പോൾ കക്കി ആനത്തോട് ഡാമിൽ നിന്ന് ഏകദേശം 150 ഉം പമ്പാ ഡാമിൽ നിന്ന് 100 ഉം മൂഴിയാർ ഡാമിൽ നിന്ന് 10 മുതൽ 50 ക്യുമെക്സ് ജലവുമായിരിക്കും പുറത്തേക്ക് ഒഴുക്കുകയെന്ന് കെഎസ്ഇബി അറിയിച്ചിട്ടുണ്ട്. (പിഎൻപി 3251/18)

## ജില്ലയിൽ ഓറഞ്ച് അലർട്ട്: അതീവജാഗ്രതാനിർദേശം പുറപ്പെടുവിച്ചു

ജില്ലയിൽ ഇന്നും (6) നാളെയും (7) അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന മുന്നറിയിപ്പോടെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ജില്ലയിലെ എല്ലാ താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നു. അടിയന്തര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളുമായി ബന്ധപ്പെടാം. പോലീസ്/ഫയർഫോഴ്സ്, പൊതുമരാമത്ത് വകുപ്പ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ തുടങ്ങിയവർക്ക് അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ ജില്ലാ കളക്ടർ നിർദേശം നൽകി. കൺട്രോൾ റൂം നമ്പരുകൾ: ജില്ലാ കളക്ടറേറ്റ് - 0468 2322515, 2222515, 8078808915, താലൂക്ക് ഓഫീസ് കോഴഞ്ചേരി- 0468 2222221, താലൂക്ക് ഓഫീസ് അടൂർ- 04734 224826, താലൂക്ക് ഓഫീസ് കോന്നി- 0468 2240087, താലൂക്ക് ഓഫീസ് റാന്നി- 04735 227442, താലൂക്ക് ഓഫീസ് മല്ലപ്പള്ളി- 0469 2682293, താലൂക്ക് ഓഫീസ് തിരുവല്ല - 0469 2601303. (പിഎൻപി 3252/18)




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 5<br>October 5 | 2018 |
|---|---|

*1193 കന്നി 19 വെള്ളി*

# പത്രക്കുറിപ്പ്-4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പരുമലപള്ളി പെരുനാൾ: റോഡുകളിലെ കുഴികൾ**
**അടയ്ക്കുന്നതിന് മന്ത്രി മാത്യു ടി തോമസ് നിർദേശം നൽകി**

പരുമലപള്ളി പെരുനാളിനു മുൻപായി തീർഥാടകർ നടന്നു വരുന്ന റോഡുകളിലെ കുഴികൾ അടിയന്തിരമായി അടയ്ക്കുന്നതിന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് നിർദേശം നൽകി. പരുമലപള്ളി പെരുനാളുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ഏർപ്പെടുത്തേ   ക്രമീകരണങ്ങൾ നിശ്ചയിക്കുന്നതിന് പരുമല സെമിനാരി ഹാളിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. തിരുവല്ല-മാവേലിക്കര റോഡ് പാച്ച് വർക്ക് ചെയ്യുന്നതിന് കെഎസ്ടിപിക്കും ഇടിഞ്ഞില്ലം-കാവുംഭാഗം, മുത്തൂർ-കാവുംഭാഗം റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന് പൊതുമരാമത്ത് നിരത്തു വിഭാഗത്തിനും നിർദേശം നൽകി.

പെരുനാളുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് മന്ത്രി അഭ്യർഥിച്ചു. തീർഥാടകർക്ക് വിവിധ സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് സ്റ്റീൽ ഗ്ലാസുകൾ ഉപയോഗിക്കണം. പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കുറച്ചു കൊ   ുവരുന്നതിന് എല്ലാവരും കൂട്ടായി പരിശ്രമിക്കണം. പ്രളയത്തിനിരയായ 3500 പേർക്ക് താമസിക്കുന്നതിന് പരുമല പള്ളി സൗകര്യം ഒരുക്കി നൽകിയത് നന്ദിപൂർവം സ്മരിക്കുന്നതായി മന്ത്രി പറഞ്ഞു. നാട്ടിൽ വിഷമാവസ്ഥയു   ായപ്പോൾ പരുമല പള്ളി അധികൃതർ സഹായം നൽകി. പരുമല തീർഥാടക സംഗമം ഭംഗിയായി നടത്തുന്നതിന് സർക്കാരിന്റെ പൂർണ പിന്തുണയും സഹായവും മന്ത്രി ഉറപ്പു നൽകി. ഗതാഗത തടസങ്ങൾ

ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത കൈയേറ്റങ്ങൾ പോലീസ് ഒഴിപ്പിക്കണം. കാൽനടയായി വരുന്ന തീർഥാടകർക്ക് മടങ്ങിപ്പോകുന്നതിന് മതിയായ സൗകര്യം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

മാന്നാർ–വീയപുരം റോഡ്, മാന്നാർ–ചെങ്ങന്നൂർ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുമെന്ന് ചെങ്ങന്നൂർ എംഎൽഎ സജി ചെറിയാൻ പറഞ്ഞു. ഗതാഗതം സുഗമമായി നടക്കുന്നത് ഉറപ്പാക്കുന്നതിന് കൂടുതൽ പോലീസുകാരെ പെരുനാൾ ദിനങ്ങളിൽ ലഭ്യമാക്കും. പരുമല പള്ളിക്കു സമീപമുള്ള റോഡുകളിലെ പാർക്കിംഗ് പൂർണമായി ഒഴിവാക്കണം. പകരം പാർക്കിംഗ് സ്ഥലങ്ങൾ പോലീസ് ക ത്തുകയും അവിടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് നിർദേശം നൽകുകയും ചെയ്യണം. പോലീസിനൊപ്പം മോട്ടോർവാഹന വകുപ്പും ട്രാഫിക് പ്രശ്നങ്ങൾ ഉ ാകാതിരിക്കുന്നതിന് നിരീക്ഷണം നടത്തുകയും നടപടിയെടുക്കുകയും വേണം. ഇ–ടോയ്ലറ്റ് ലഭ്യമാക്കുന്നതിന് തിരുവനന്തപുരം, എറണാകുളം ജില്ലാ കളക്ടർമാരുമായി ബന്ധപ്പെടും. തീർഥാടകർക്ക് ശുദ്ധമായ കുടിവെള്ളമാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പാക്കണമെന്നും എംഎൽഎ പറഞ്ഞു.

ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വിഭാഗം കർശന പരിശോധന നടത്തണമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ജില്ലാ കളക്ടർ പി.ബി. നൂഹ് നിർദേശിച്ചു. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി അടിയന്തിരമായി പൂർത്തിയാക്കി വെളിച്ചം ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ നടപടിയെടുക്കണം. റവന്യു വകുപ്പിൽ നിന്നും എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിനെ പെരുനാൾ ദിനങ്ങളിലേക്ക് നിയമിക്കുമെന്നും കളക്ടർ പറഞ്ഞു.

പെരുനാൾ ഭംഗിയായി നടത്തുന്നതിനാവശ്യമായ സർക്കാർതല ക്രമീകരണങ്ങൾ ഏകോപിപ്പിക്കുന്നതിന് തിരുവല്ല, ചെങ്ങന്നൂർ ആർഡിഒമാരെ കോ–ഓർഡിനേറ്റർമാരായി നിയോഗിക്കുന്നതിനും യോഗം തീരുമാനിച്ചു. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പള്ളിയുടെ പരിസരത്ത് ക്ലോറിനേഷൻ നടത്തും. നവംബർ ഒന്നിനും ര ിനും ആംബുലൻസ് സൗകര്യത്തോടെ മെഡിക്കൽ ടീമിനെ നിയോഗിക്കും. കടപ്ര പ്രാഥമികാരോഗ്യ കേന്ദ്രം, പാ നാട് സാമൂഹികാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ ചികിത്സാ സൗകര്യങ്ങളും മരുന്നും ലഭ്യമാക്കും. കോട്ടയം, അടൂർ, കൊട്ടാരക്കര, ചങ്ങനാശേരി, ആലപ്പുഴ, മല്ലപ്പള്ളി, മാവേലിക്കര, തിരുവല്ല, ചെങ്ങന്നൂർ, പത്തനംതിട്ട ഡിപ്പോകളിൽ നിന്നും പരുമലയിലേക്കും വിവിധ സ്ഥലങ്ങളിലേക്കും കെഎസ്ആർടിസി പെരുനാൾ ദിനങ്ങളിൽ കൂടുതൽ സർവീസ് നടത്തും. ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി പോലീസ് കൈക്കൊള്ളും. രാത്രിയിൽ യാത്ര ചെയ്യുന്ന തീർഥാടകർക്ക് ആവശ്യമായ സുരക്ഷയൊരുക്കും. ആവശ്യമെങ്കിൽ കൂടുതൽ സ്വകാര്യ ബസുകൾക്ക് താൽക്കാലിക പെർമിറ്റ് അനുവദിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് നടപടിയെടുക്കും.

പെരുനാൾ ദിനങ്ങളിൽ യാചക നിരോധനം ഏർപ്പെടുത്തുന്നതിന് മാന്നാർ, കടപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി. തങ്ങളുടെ അധീനതയിലുള്ള റോഡുകളിലെ കാടുകൾ ഗ്രാമപഞ്ചായത്തുകൾ നീക്കം ചെയ്യും. ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തും. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾ നടപടിയെടുക്കും. ഫയർ എൻജിൻ ഉൾപ്പെടെ ആധുനീക സജ്ജീകരണങ്ങളോടു കൂടിയ യൂണിറ്റിനെ ഫയർഫോഴ്സ് വിന്യസിക്കും. ആയുർവേദ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഡോക്ടർമാർ ഉൾപ്പെടുന്ന മെഡിക്കൽ ടീം മൂന്നു ദിവസങ്ങളിൽ ക്യാമ്പ് നടത്തും. പദയാത്ര കടന്നുവരുന്ന സ്ഥലങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി നടപടിയെടുക്കും. പരുമല പള്ളിക്കു വെളിയിൽ വാട്ടർ അതോറിറ്റി താൽക്കാലിക ടാപ്പുകൾ സ്ഥാപിക്കും. പെരുനാൾ ദിനങ്ങളിൽ വൈദ്യുതി മുടങ്ങാതിരിക്കുന്നതിന് ആവശ്യമായ നടപടി കെഎസ്ഇബി സ്വീകരിക്കും. വ്യാജമദ്യ വിൽപ്പനയും നി

രോധിത ലഹരിവസ്തുക്കളുടെ വിൽപ്പനയും തടയുന്നതിന് എക്സൈസ് വകുപ്പ് നടപടിയെടുക്കും. വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വിലയിരുത്തുന്നതിന് 23ന് ഉച്ചകഴിഞ്ഞ് മൂന്നിന് തിരുവല്ല ആർഡിഒ ഓഫീസിൽ യോഗം ചേരും.

യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനി, ആലപ്പുഴ എഡിഎം ഐ.അബ്ദുൾ സലാം, തിരുവല്ല ആർഡിഒ റ്റി.കെ. വിനീത്, ചെങ്ങന്നൂർ ആർഡിഒ അതുൽ സ്വാമിനാഥൻ, നിരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷിബു വർഗീസ്, മാന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രമോദ് കണ്ണാടിശേരിൽ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജി. വിവേക്, ഓർത്തഡോക്സ് സഭാ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ ഫാ. എം.സി. കുര്യാക്കോസ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

(പിഎൻപി 3253/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) പരുമലപള്ളി പെരുനാളുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ഏർപ്പെടുത്തേ ക്രമീകരണങ്ങൾ നിശ്ചയിക്കുന്നതിന് പരുമല സെമിനാരി ഹാളിൽ ചേർന്ന യോഗത്തിൽ ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ് സംസാരിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 5<br>October 5 | 2018 |
|---|---|

*1193 കന്നി 19 വെള്ളി*

# പത്രക്കുറിപ്പ്-5

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഇലക്ടറൽ ലിറ്ററസി ക്ലബ് പരിശീലനം ഇന്ന് (6)**

ജില്ലയിലെ സ്കൂളുകളിലും കോളേജുകളിലും ആരംഭിച്ച ഇലക്ടറൽ ലിറ്ററസി ക്ലബുകളുടെ നോഡൽ ഓഫീസർമാർക്കുള്ള പരിശീലനം ഇന്ന് രാവിലെ 10ന് പത്തനംതിട്ട ഗീതാഞ്ജലി ഓഡിറ്റോറിയത്തിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് ഉദ്ഘാടനം ചെയ്യും.

(പിഎൻപി 3253/18)

**മുതിർന്ന പൗരന്മാരുടെ സംഗമം**

തുമ്പമൺ സാംസ്കാരിക നിലയത്തിൽ ഈ മാസം 12ന് രാവിലെ 9.30 മുതൽ തുമ്പമൺ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മുതിർന്ന പൗരന്മാരുടെ സംഗമം നടക്കും. ബോധവത്ക്കരണ ക്ലാസ്, കൗൺസിലിംഗ്, വൈദ്യ പരിശോധന, യോഗ, ധ്യാനം, വിനോദ പരിപാടികൾ തുടങ്ങിയവ സംഗമത്തിന്റെ ഭാഗമായി നടക്കും.

(പിഎൻപി 3254/18)

**കൃഷിക്ക് ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായ പദ്ധതി**

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സ്പെഷ്യൽ പാക്കേജായി 2018-19 വർഷം വിവിധ കൃഷികൾക്ക് ധനസഹായം നൽകുന്നു. വാഴ പുതുകൃഷിക്കും കൈതകൃഷിക്കും ഹെക്ടറിന് 26250 രൂപയും ടിഷ്യൂ കൾച്ചർ വാഴയ്ക്ക് ഹെക്ടറിന് 37500 രൂപയും പ്ലാവ്, മാവ് ഇവയ്ക്ക് ഹെക്ടറിന് 18000 രൂപയും വെറ്റില കൃഷിക്ക് ഹെക്ടറിന് 40000 രൂപയും ഹൈബ്രിഡ് പച്ചക്കറി കൃഷിക്ക് ഹെക്ടറിന് 20000 രൂപയും ഇഞ്ചിക്കും മഞ്ഞളിനും ഹെക്ടറിന് 12000 രൂപയും കുരുമുളകിനും ജാതിക്കും ഹെക്ടറിന് 20000 രൂപയും

കൊക്കോയ്ക്ക് ഹെക്ടറിന് 12000 രൂപയും ജലസേചനത്തിനുള്ള 1200 ക്യുബിക് മീറ്റർ കുളത്തിന് 75000 രൂപയും ഹൈടെക് പോളിഹൗസ് 400 ച.മീറ്ററിന് 318000 രൂപയും ഷെയ്ഡ് നെറ്റിലുള്ള കൃഷിക്ക് ച.മീറ്ററിന് 353 രൂപയുമാണ് ധനസഹായം ലഭിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട കൃഷിഭവനുകളുമായോ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസുമായോ ബന്ധപ്പെടുക. ഫോൺ: 0468 2222597. (പിഎൻപി 3255/18)

## മോട്ടോർതൊഴിലാളി ക്ഷേമനിധി കുടിശിക ഡിസംബർ 31 വരെ ഒടുക്കാം

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായ തൊഴിലാളികൾക്ക് ഒമ്പത് ശതമാനം പലിശ സഹിതം കുടിശിക ഒടുക്കുവാൻ ഡിസംബർ 31 വരെ സമയം അനുവദിച്ചു. വാഹനത്തിന്റെ ഉടമവിഹിതം കുടിശിക വരുത്തിയിട്ടുള്ള ഉടമകൾക്കും ഒമ്പത് ശതമാനം പലിശ സഹിതം തുക ഒടുക്കാം. എല്ലാ വാഹന ഉടമകളും തൊഴിലാളികളും മുടക്കം വരാതെ ക്ഷേമനിധി വിഹിതം അടയ്ക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ: 0468 2320158. (പിഎൻപി 3256/18)

### കോഴഞ്ചേരി ജില്ലാ ആശുപത്രിക്ക് അപൂർവ നേട്ടം

## എപ്പിഡ്യൂറൽ പമ്പ് വഴി വേദനസംഹാരികൾ നൽകി 12 കിലോയുള്ള മുഴ നീക്കം ചെയ്തു

കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ അപൂർവ ശസ്ത്രക്രിയ നടന്നു. ചെറുകോൽ സ്വദേശിനിയായ രോഗിയുടെ വയറ്റിൽ നിന്നും 12 കിലോയോളം തൂക്കം വരുന്ന മുഴയാണ് ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്തത്. ഓപ്പറേഷനെ തുടർന്നുള്ള ദിവസങ്ങൾ പൂർണമായും വേദനരഹിതമായിരിക്കാൻ ആധുനിക സംവിധാനമായ എപ്പിഡ്യൂറൽ പമ്പ് വഴി വേദനസംഹാരികൾ നൽകിയാണ് മുഴ പുറത്തെടുത്തത്. ക്രമാതീതമായി വയർ വീർത്തുവരുന്നതിനാൽ അസ്വസ്ഥത അനുഭവപ്പെട്ട 50കാരിയായ വീട്ടമ്മ സ്ഥലത്തെ ഡോക്ടറുടെ നിർദേശപ്രകാരം കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. മെഡിക്കൽ കോളേജിലെ ശസ്ത്രക്രിയാ യൂണിറ്റിന്റെ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ശസ്ത്രക്രിയ അൽപ്പം വൈകുമെന്ന് അറിയിച്ചതിനെതുടർന്ന് കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെത്തിയ രോഗിയുടെ ഓപ്പറേഷൻ അടിയന്തരമായി നടത്തുകയായിരുന്നു. രണ്ടാഴ്ചത്തെ ചികിത്സയ്ക്ക് ശേഷം രോഗി ആശുപത്രി വിട്ടു.

ഡോ.ജി.ബിനു, ഡോ.സതീഷ് ജേക്കബ് എന്നീ സർജൻമാരുടെ നേതൃത്വത്തിൽ നടന്ന ശസ്ത്രക്രിയയിൽ സ്റ്റാഫ് നഴ്സുമാരായ അംബിക, സിന്ധു എന്നിവരും പങ്കെടുത്തു. സീനിയർ അനസ്തറ്റിസ്റ്റ് ഡോ.വാസുദേവൻ നമ്പൂതിരി, ഡോ.ധന്യ, ഡോ.വിനോദ് ചെറിയാൻ എന്നിവരുടെ നേതൃത്വത്തിലാണ് അനസ്തേഷ്യ നൽകിയത്.

വിദഗ്ദ്ധ പരിശീലനം നേടിയ ഡോക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ ആശുപത്രിയിൽ ആധുനിക താക്കോൽദ്വാര ശസ്ത്രകിയാസംവിധാനം സജ്ജമായിട്ടുണ്ട്.പൈൽസിനുള്ള വേദനരഹിത ശസ്ത്രക്രിയയായ സ്റ്റാപ്ലർ സർജറിയും ഇവിടെ നടക്കുന്നുണ്ട്.

(പിഎൻപി 3257/18)

## പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി 10ന് പത്തനംതിട്ടയിൽ

കേരള നിയമസഭയുടെ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി 10ന് രാവിലെ 11ന് പത്തനംതിട്ട ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ കെ.വി.അബ്ദുൾ ഖാദർ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ യോഗം ചേരും.പ്രവാസി മലയാളികൾ അഭിമുഖികരിക്കുന്ന വിവധ പ്രശ്നങ്ങളെക്കുറിച്ച് പ്രവാസി മലയാളി സംഘടനാ പ്രതിനിധികളുമായും വ്യക്തികളുമായും ചർച്ച നടത്തും. കേരളീയ പ്രവാസികാര്യ വകുപ്പ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, ഇതര ഏജൻസികൾ എന്നിവ മുഖേന

നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുകയും ഇതേക്കുറിച്ചുള്ള പരാതികൾ സ്വീകരിക്കുകയും ചെയ്യും.

പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ പ്രതിനിധികൾക്കും വ്യക്തികൾക്കും പരാതികൾ സമർപ്പിക്കാം.

(പിഎൻപി 3258/18)

## ഞായറാഴ്ച സർക്കാർ ഓഫീസുകൾക്ക് പ്രവൃത്തിദിനം

ജില്ലയിൽ ഇന്നും (6) നാളെയും (7) അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്രകാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകളും നാളെ (7) തുറന്നു പ്രവർത്തിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. (പിഎൻപി 3259/18)

## ദുരിതാശ്വാസ ധനസഹായം : അപേക്ഷ ഇന്നുകൂടി നൽകാം

ജില്ലയിൽ പ്രളയദുരിതത്തിൽപ്പെട്ടവരിൽ ആശ്വാസധനസഹായം ഇതുവരെ ലഭിച്ചിട്ടില്ലാത്തവർക്ക് ഇന്ന് (6) കൂടി ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 3260/18)

## വിദ്യാർത്ഥികൾക്കായുള്ള ക്വിസ്, ചിത്രരചനാ മത്സരങ്ങൾ ഇന്ന് (6)

സംസ്ഥാന സർക്കാരിന്റെ തീവ്രശുചീകരണവാരവുമായിബന്ധപ്പെട്ട് പത്തനംതിട്ട ജില്ലാ ശുചിത്വമിഷൻ നടത്തുന്ന സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ക്വിസ് മത്സരവും കോളേജ് വിദ്യാർത്ഥികൾക്കായുള്ള ചിത്രരചനാ മത്സരം(വാട്ടർകളർ) മത്സരവും ഇന്ന് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ യൗസേബിയോസ് ഹാളിൽ നടക്കും. ക്വിസ് മത്സരങ്ങൾ യുപിതലത്തിൽ രാവിലെ 9.30നും, ഹൈസ്കൂൾ തലത്തിൽ 11നും, ഹയർ സെക്കൻഡറി തലത്തിൽ ഉച്ചയ്ക്ക് ശേഷം 1.30നും ചിത്രരചന ചിത്രരചന രാവിലെ 10.30നും നടക്കും. കൂടുതൽ വിവരങ്ങൾക്ക് 8129557741, 0468 2322014 നമ്പരുകളിൽ ബന്ധപ്പെടണം. (പിഎൻപി 3261/18)

## ആറന്മുളയിലെ പുരാശിൽപ്പങ്ങൾ സംരക്ഷിക്കാൻ മ്യൂസിയം ഒരുക്കും– മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ

ആറന്മുളയിലെ പുരാശിൽപ്പങ്ങൾ സംരക്ഷിക്കാൻ മ്യൂസിയം ഒരുക്കുന്നതിനുള്ള ക്രമീകരണം നടത്തുമെന്ന് പുരാവസ്തു വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ. ആറൻമുള വാസ്തുവിദ്യാ ഗുരുകുലത്തിൽ സൂക്ഷിച്ചിരിക്കുന്ന ആറൻമുള ആഞ്ഞിലിമൂട്ടിൽ കടവ് പാലത്തിന് സമീപം കണ്ടെത്തിയ പുരാശിൽപ്പങ്ങളുടെ ശേഖരങ്ങൾ കണ്ടതിന് ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. പ്രളയജലമൊഴുകി വന്നതിനു ശേഷം സംസ്ഥാനത്ത് ലഭ്യമായ വിശിഷ്ടമായ സൃഷ്ടികളാണ് ആറന്മുളയിൽ നിന്നും ലഭിച്ചത്. ഒരു കാലഘട്ടത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രദേശത്തിന്റെയും മുഖമുദ്ര കൂടിയാണ് ഈ ശിൽപ്പങ്ങൾ. വലിയ വെള്ളപ്പൊക്കത്തെ പോലും അതിജീവിച്ച ഈ ശിൽപ്പങ്ങളുടെ നിർമാണ രീതി ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമാക്കണം. നിലവിൽ പുരാവസ്തു വകുപ്പിന്റെ ഒരു സംഘം സ്ഥലത്തെത്തി പരിശോധന നടത്തിയിരുന്നു. ഇവരുടെ പ്രാഥമിക റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ തുടർനടപടിയെടുക്കുമെന്ന് മന്ത്രി അറിയിച്ചു. ശിൽപ്പങ്ങൾ കണ്ടെത്തിയ പ്രദേശം പൊതു സ്ഥലമായതിനാൽ വ്യക്തികൾ വന്ന് ഇവ ഖനനം ചെയ്യുന്നത് ഒഴിവാക്കുന്നതിനായി ആഭ്യന്തര വകുപ്പിനോട് സ്ഥലം സീൽ ചെയ്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾക്കായി മന്ത്രി നിർദ്ദേശം നൽകി. പുതുതലമുറയുടെ അമൂല്യ സൂക്ഷിപ്പുകളായി ഇവയെ സംരക്ഷിക്കുമെന്നും മന്ത്രി പറഞ്ഞു.

കണ്ടെത്തിയ ശിൽപ്പങ്ങളെ സംരക്ഷിക്കുന്നതിനായി താൽക്കാലിക മ്യൂസിയം സജ്മാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുമെന്ന് ആറന്മുള എംഎൽഎ വീണാ ജോർജ് പറഞ്ഞു. പൈതൃക ഗ്രാമമായ ആറന്മുളയിൽ തന്നെ ശിൽപ്പങ്ങൾ സൂക്ഷിക്കണം. പുരാവസ്തു വകുപ്പിനൊപ്പം പ്രാദേശവാസികളുടെ കൂടെ സഹായത്തോടെ ഖനനം നടത്തണമന്നും എംഎൽഎ പറഞ്ഞു. ആഞ്ഞിലിമൂട്ടിൽ ശില്പങ്ങളുടെ ഭാഗങ്ങൾ സംസ്ഥാന പുരാവസ്തു വകുപ്പ് ശേഖരിച്ച് ശാസ്ത്രീയമായ പഠനങ്ങൾക്ക് ബെംഗളൂരുവിലുള്ള പഠന കേന്ദ്രത്തിലേക്ക് അയച്ചിരിക്കുകയാണ്. ഒരു ആഴ്ചയ്ക്ക് ശേഷമേ കലാപഴക്കത്തിന്റെ വിശദ വിവരങ്ങൾ ലഭ്യമാകുകയുള്ളു.ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അയിഷ പുരുഷോത്ത മൻ, വാസ്തുവിദ്യാഗുരുകുലം വൈസ്ചെയർമാൻ ആർ.അജയകുമാർ, പുരാവസ്തുവകുപ്പ് ക്യുറേറ്റർ രാജേഷ് കുമാർ, ബാബുജോൺ, രാജേഷ്, വിവിധ തദ്ദേശഭരണ ഭാരവാഹികൾ തുടങ്ങിയവരും മന്ത്രിയോടൊപ്പമുണ്ടായിരുന്നു.

(പിഎൻപി 3262/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ അപൂർവ ശസ്ത്രക്രിയയിലൂടെ പുറത്തെടുത്ത 12 കിലോ തൂക്കമുള്ള മുഴ.
2) ആറന്മുള കോഴിപ്പാലത്തിന് സമീപം നിന്ന് ലഭിച്ച പുരാവസ്തുക്കളായ കളിമൺ ശില്പ ങ്ങൾ തുറമുഖ മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രനും വീണാജോർജ് എംഎൽഎയും നോക്കി കാണുന്നു.
3) എൻഡിആർഎഫ് സേനാംഗങ്ങൾ കളക്ടറേറ്റിലെത്തിയപ്പോൾ
4) പുറമറ്റം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ നിർമാ ണോദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസ് നിർവഹിക്കുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**